**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6423** **10-07-2024 - ൽ മറുപടിയ്ക്ക്**

**സിനിമ തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി സഹായത്തോടെ നൂറ് സിനിമ തിയേറ്ററുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എവിടെയൊക്കെ തിയേറ്ററുകൾ സ്ഥാപിച്ചുവെന്നും എത്രയെണ്ണം സ്ഥാപിച്ചുവെന്നും എത്രയെണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും പ്രസ്തുത പദ്ധതികൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഓരോ പദ്ധതിയും ആരംഭിച്ചതെന്നാണെന്നും വ്യക്തമാക്കുമോ? | (എ) | മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി പദ്ധതികളുടെ സഹായത്തോടെ കേരളത്തിന്റെ വിവിധയിടങ്ങളിൽ തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് 2017-18 ബജറ്റിൽ 100 കോടി രൂപ വകയിരുത്തിയിരുന്നു. നിലവിൽ 4 ജില്ലകളിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. തീയേറ്റർ സമുച്ചയങ്ങളുടെ വിശദാംശങ്ങളും നാളിതുവരെ ചെലവായ തുകയുടെ വിവരങ്ങളും, പദ്ധതി ആരംഭിച്ച തീയതിയും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പദ്ധതി/ ജില്ല/ പദ്ധതിയുടെ ആരംഭം | നാളിതുവരെ ചിലവായ തുക | പദ്ധതിയുടെ നിലവിലെ വിശദാംശങ്ങൾ |
|---|---|---|---|
| 1. | കായംകുളം തിയേറ്റർ സമുച്ചയം<br>പദ്ധതി ആരംഭിച്ച തീയതി : 10/10/2019<br>സ്ക്രീനുകളുടെ എണ്ണം: 3 | 6.34 കോടി രൂപ | നിലവിൽ 33.36 ആർ സ്ഥലംകായംകുളംമുനിസിപ്പാലിറ്റിയിൽ നിന്ന്കൈമാറിലഭിച്ചിട്ടുണ്ട്. എന്നാൽതീയേറ്റർ നിർമ്മാണം തുടങ്ങികഴിഞ്ഞതിനു ശേഷം ദേശീയ പാതവികസനവുമായി ബന്ധപ്പെട്ടു NHAI ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെവ്യക്തത ഇതുവരെNHAI ൽ നിന്നും ലഭിച്ചിട്ടില്ല. സ്ട്രക്ച്ചറൽ വർക്ക്സ്, ബ്ലോക്ക് വർക്ക്സ്, റൂഫിങ് വർക്ക്സ്, പ്ലാസ്റ്ററിങ് വർക്ക്സ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. എം ഇ പി വർക്ക്സ്, പെയിന്റിംഗ് ജോലികൾ, സമ്പ് ടാങ്ക് വർക്ക്സ് എന്നിവ പുരോഗമിച്ച് വരുന്നു. പ്രസ്തുത പദ്ധതി 2024 ഡിസംബറിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2. | അളഗപ്പനഗർ തിയേറ്റർ സമുച്ചയം<br>പദ്ധതി ആരംഭിച്ച തീയതി : 19/12/2019<br>സ്ക്രീനുകളുടെ എണ്ണം: 2 | 4.86 കോടി രൂപ | നിലവിൽ 50സെന്റ് സ്ഥലമാണ്അളഗപ്പനഗർതീയേറ്റർസമുച്ചയം നിർമ്മിക്കുവാനായി പഞ്ചായത്തിൽ നിന്ന ് ഇതുവരെ കൈമാറി കിട്ടിയത്. ബിൽഡിംഗ്സ്ട്രക്ച്ചറൽ വർക്സ്, റൂഫ് വർക്സ് എന്നിവ പൂർത്തിയായി. പെയിന്റിംഗ് വർക്സ്, സമ്പ് ടാങ്ക് വർക്ക് എന്നിവ പുരോഗമിച്ച് വരുന്നു. നിലവിൽ 50 സെന്റ് അപര്യാപ്തമായതിനാൽ 12.22 സെന്റ്സ്ഥലംകൂടി അധികമായി പഞ്ചായത്തിനോട് കെ.എസ്.എഫ്.ഡി.സി. ആവശ്യപ്പെട്ടിരുന്നു. ടി സ്ഥലം ഇതു വരെയായിട്ടും കെ.എസ്.എഫ്.ഡി.സി. ക്ക് ലഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതി 2024 ഡിസംബറിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 3. | പയ്യന്നൂർ തിയേറ്റർ സമുച്ചയം | 6.67 കോടി രൂപ | പയ്യന്നൂർ നഗരസഭയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് പാട്ടത്തിൽ എടുക്കുന്ന 70 സെന്റ്സ്ഥലം നിലവിൽ കെ.എസ്.എഫ്.ഡി.സി. |

| | | | |
|---|---|---|---|
| | പദ്ധതി ആരംഭിച്ച തീയതി : 23/12/2019<br>സ്ക്രീനുകളുടെ എണ്ണം: 2 | | ക്ക് ലഭ്യമായിട്ടുണ്ട്. പയ്യന്നൂർ തീയേറ്റർ സമുച്ചയത്തിന്റെ സ്ട്രക്ച്ചറൽ വർക്സ്, ബ്ലോക്ക് വർക്ക്സ്, പ്ലാസ്റ്ററിങ് വർക്സ്, മുതലായവ പൂർത്തിയായിട്ടുണ്ട്. അകോസ്റ്റിക് ആൻഡ് സ്ക്രീൻ ഫ്രെയിം വർക്ക് ടെൻഡർ ചെയ്തു കരാറുകാരന് കരാർ ഉറപ്പിക്കുന്ന നടപടി പുരോഗമിച്ച് വരുന്നു. ടൈലിങ് വർക്സ്, HVAC വർക്സ്, ഫയർ വർക്സ്, ഇലക്ട്രിക്കൽ വർക്സ് സീലിംഗ് വർക്സ് മുതലായവ പുരോഗമിച്ച് വരുന്നു. പ്രസ്തുത പദ്ധതി 2024 ഡിസംബറിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4. | വൈക്കം തിയേറ്റർ സമുച്ചയം<br>പദ്ധതി ആരംഭിച്ച തീയതി :10/10/2019<br>സ്ക്രീനുകളുടെ എണ്ണം: 2 | 5.99 കോടി രൂപ | തീയേറ്റർ നിർമ്മിക്കുന്നതിനായിവൈക്കംമുനിസിപ്പാലിറ്റി 80 സെന്റ്സ്ഥലമാണ് കെ.എസ്.എഫ്.ഡി.സി.ക്കു കൈമാറി നൽകിയത്.എന്നാൽ ടി സ്ഥലം അപര്യാപ്തമായതിനാൽ അധികമായി 10 സെന്റ്സ്ഥലം കൂടി മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. സെപ്റ്റിക് ടാങ്ക് വർക്ക് പൂർത്തിയാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്ക് കോമ്പൗണ്ട് വാൾ വർക്സ്, ബ്ലോക്ക് വർക്ക് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. |

അതോടൊപ്പം കേരളത്തിലെ മറ്റിടങ്ങളിൽ തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സ്ഥലം ലഭ്യമാകാനുണ്ട്. അവയുടെവിശദാംശം ചുവടെ ചേർക്കുന്നു.

(II)

| ക്രമ നമ്പർ | പദ്ധതി/ ജില്ല | പദ്ധതി ഭൂമി സംബന്ധിച്ച വിവരങ്ങൾ | പദ്ധതിയുടെ വിശദാംശം |
|---|---|---|---|
| 1. | പേരാമ്പ്ര തിയേറ്റർ സമുച്ചയം | താലൂക്ക്: കൊയിലാണ്ടി<br>വില്ലേജ് : എരവട്ടൂർ<br>സർവ്വേ നം: 17/2 ബി<br>ഭൂവിസ്തൃതി : 60 സെന്റ് | 60 സെന്റിൽ ഇറിഗേഷൻ ഡിപ്പാർട്മെന്റ് വക ഭൂമി ഗവൺമെന്റിൽ നിന്നും കെ.എസ്.എഫ്.ഡി.സി. ക്ക് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പേരാമ്പ്ര തീയേറ്റർ സമുച്ചയം ടെണ്ടർ ചെയ്തിരുന്നുവെങ്കിലും കരാറുകാരൻ രേഖപ്പെടുത്തിയ തുക എസ്റ്റിമേറ്റ് തുകയേക്കാൾ 10% കൂടുതലായതിനാൽ |

| | | | |
|---|---|---|---|
| | | നിയോജക മണ്ഡലം : പേരാമ്പ്ര | ഗവൺമെന്റിലേക്ക് അയച്ചിരുന്നു. ടി സമയത്ത് ബിഡ്‌വാലിഡിറ്റി കാലാവധി അവസാനിച്ചെന്ന കാരണത്താൽ കരാറുകാരൻ പിന്മാറുകയാണുണ്ടായത് തുടർന്ന് പേരാമ്പ്ര തീയേറ്റർ സമുച്ചയത്തിന്റെ എസ്റ്റിമേറ്റ് 2016 ഡി എസ് ആർ നിന്ന് 2018 ഡി എസ് ആറിലേക്കു മാറ്റുന്ന നടപടികൾ പുരോഗമിച്ച് വരുന്നു |
| 2. | പായം തിയേറ്റർ സമുച്ചയം | താലൂക്ക്: ഇരിട്ടി<br>വില്ലേജ് : പായം<br>സർവ്വേ നം:14/01, 14/02<br>നിയോജക മണ്ഡലം : കണ്ണൂർ | പായം പഞ്ചായത്തിൽ ഒന്നും രണ്ടും നിലകളിലായി നിർമ്മിച്ച കോംപ്ലക്സിലേക്കു 2 തീയേറ്റർ കൂടി ഉൾപ്പെടുത്തി പണിയുവാനുള്ള ടെണ്ടർ ചെയ്യുകയുണ്ടായെങ്കിലും കരാറുകാരനെ ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ റീ ടെണ്ടർ ചെയ്ത് കരാറുകാരനെ തിരഞ്ഞെടുക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. |
| 3. | താനൂർ തിയേറ്റർ സമുച്ചയം | താലൂക്ക്: തിരൂർ<br>വില്ലേജ് : താനാളൂർ<br>ഭൂവിസ്തൃതി : 1.03 ഏക്കർ<br>സർവ്വേ നം: 256/1 ബി<br>നിയോജക മണ്ഡലം : താനൂർ | നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല. ജില്ലാ ഭരണകൂടം 1.03 ഏക്കർ ഭൂമി കെ.എസ്.എഫ്.ഡി.സി. ക്കു പാട്ടത്തിനു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാടകശാലഉൾപ്പെടുത്തി ഡി.പി.ആർ. റിവൈസ്ചെയ്യുന്ന നടപടികളും പുരോഗമിച്ചു വരുന്നു. |
| 4. | ധർമടം തീയേറ്റർ സമുച്ചയം | താലൂക്ക്:തലശ്ശേരി<br>വില്ലേജ് : ധർമടം<br>സർവ്വേ നം: 12/178,12/179<br>ഭൂവിസ്തൃതി :65.65 സെന്റ്<br>നിയോജക മണ്ഡലം :ധർമടം | ധർമടം പാലയാട് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 65.65 സെന്റ് തീയേറ്റർ നിർമ്മാണത്തിന് അനുയോജ്യമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.നിലവിൽ കണ്ണൂർ ജില്ലാ കളക്ടറുടെ റഫ്. DCKNR/6845/2022ഇ4 നടപടിക്രമം അനുസരിച്ച് തലശ്ശേരി താലൂക്കിലെ ധർമടം അംശം പാലയാട് ദേശത്ത് റീസർവ്വേ 12/1 യിലെ ഭൂമിക്കു 3,31,362 (മൂന്ന് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തി രണ്ട്) രൂപ ആർ ഒന്നിന് അടിസ്ഥാന വില നിശ്ചയിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. ആ നിരക്കിൽ [illegible] പദ്ധതിക്ക് വേണ്ട 65.65 സെന്റ് സ്ഥലത്തിന് തറവിലയായി 1,30,30,343/ രൂപ ചിലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വില നിശ്ചയിക്കുന്നതിന് മഹസ്സർ വില്ലേജ് ഓഫീസർ തയ്യാറാക്കേണ്ടതുണ്ട്. ആയതിനു ശേഷമേ പ്രസ്തുത കെട്ടിടത്തിന്റെ അടിസ്ഥാന വില നിർണയിക്കാൻ സാധിക്കുകയുള്ളു. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക്തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| 5. | ആന്തൂർ തീയേറ്റർ സമുച്ചയം | താലൂക്ക്:തളിപ്പറമ്പ്<br>വില്ലേജ് : മൊറാഴ<br>സർവ്വേ നം: 92, 339/2<br>ഭൂവിസ്തൃതി : 1.45 ഏക്കർ<br>നിയോജക മണ്ഡലം :തളിപ്പ റമ്പ് | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ താലൂക്കിൽ മൊറാഴ വില്ലേജിൽ ബ്ലോക്ക് നമ്പർ, 92,339/2 സർവ്വേ നമ്പറിൽ ഉൾപ്പെട്ട 1.45 ഏക്കർ സ്ഥലം തീയറ്റർ സമുച്ചയ നിർമ്മാണത്തിന് വേണ്ടി കെ എസ് എഫ് ഡി സി കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം ലഭ്യമാക്കുന്നതിന് വേണ്ടി കണ്ണൂർ ജില്ലാ കളക്ടർക്ക് സർവ്വേ പ്ലാൻ, അപേക്ഷ ഫോം 5 എന്നിവ ഉൾപ്പടെ അപേക്ഷ 17.05.2024 നു സമർപ്പിച്ചിട്ടുണ്ട്. |
| 6. | ഇടുക്കി തീയേറ്റർ സമുച്ചയം | താലൂക്ക്: ഇടുക്കി<br>വില്ലേജ് : ഇടുക്കി<br>സർവ്വേ നം:161/1 pt<br>ഭൂവിസ്തൃതി :4 ഏക്കർ<br>നിയോജക മണ്ഡലം :ഇടുക്കി | ഇടുക്കി ജില്ലയിൽ ചെറുതോണിക്കും ഇടുക്കി ജംഗ്ഷനും മധ്യേയുള്ള സർവ്വേ നം. 161/1ptടൂറിസം വകുപ്പ് വക 4 ഏക്കർ സ്ഥലം തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടി ഇടുക്കി ജില്ലാ കളക്ടർക്ക് ഫോം നം 5, സർവ്വേ പ്ലാൻ എന്നിവ സഹിതം 07.03.2024ൽ അപേക്ഷ സമർപ്പിച്ചിരുന്നു സ്ഥലം കെ എസ് എഫ് ഡി സിക്ക് ലഭ്യമാകുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. |